(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് ഇതു വഴി കൈവരിച്ചത് ;

(സി) ഇത് വഴി പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്കാണ് തൊഴിൽ ലഭിച്ചത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻവഴി സംരംഭക വികസന മിഷൻ പലിശ രഹിത വായ്പാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ ഒരു മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ (കെ.എസ്. ഇ.ഡി.എം.). ആഭ്യന്തര വളർച്ച, സമഗ്ര വികസനം, വ്യാവസായിക മുന്നേറ്റം, ആഭ്യന്തര ഉല്പാദന വളർച്ച, സ്വയംപര്യാപ്തത, വൈദഗ്ധ്യ വികസനം, പ്രാദേശിക തൊഴിൽ ലഭ്യത, സംരംഭകത്വ വർദ്ധനവ്, വാണിജ്യ സംസ്കാര വികസനം, സാമൂഹിക ഐക്യം, സർവ്വോപരി വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്കിടയിൽ നവവ്യവസായികളാകാനുള്ള പുത്തൻ ഉണർവ് ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(സി) 30-6-2015-ലെ കണക്കുകൾ പ്രകാരം 1093 നവസംരംഭങ്ങൾ തുടങ്ങുവാനും ഇതുവഴി 2504 സ്വയംസംരംഭകരെ സൃഷ്ടിക്കുവാനും 3252 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കാനും ഈ മിഷന്റെ പ്രവർത്തനത്തിലൂടെ കഴിഞ്ഞു.

വ്യവസായ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

153 (4735) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പുവഴി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരുവിവരവും അതിനായി നീക്കിവച്ച തുകയും ചെലവും സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയെന്ന് പറയാമോ ; അവയുടെ പേരുവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പുവഴി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരുവിവരവും അതിനായി നീക്കിവച്ച തുകയും ചെലവും സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 2011-12, 2012-13, 2014-15-ലും കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ 2013-14-ലും (ഓഡിറ്റിന് ശേഷമുള്ള കണക്കുകൾ പ്രകാരം) ലാഭത്തിലാണ് പ്രവർത്തിച്ചത്.

വ്യവസായ മേഖലയിലെ പുതിയ പദ്ധതികൾ

154 (4736) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയത് ; സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ എന്നിവ എത്ര തുക വീതമാണ് പ്രസ്തുത പദ്ധതികളിൽ നിക്ഷേപിച്ചത് ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി

155 (4737) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ വ്യവസായ മേഖലയുണ്ടാവുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ ധനസമാഹരണം എപ്രകാരമാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly